(സി) കൊച്ചി, കോർപ്പറേഷനിൽ ചോറ്റാനിക്കര, തിരുനാവായിക്കുളം എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരുടെയെല്ലാം നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) കൊച്ചി, കോർപ്പറേഷനിലേയ്ക്ക് മറ്റേതെല്ലാം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കൂട്ടിച്ചേർക്കരുതെന്ന ആവശ്യം ഉയർന്നിട്ടുണ്ട്?

ഉത്തരം

(എ)&(ബി) തിരുവനന്തപുരം നഗരസഭയോട് ചേർന്ന്കിടക്കുന്നതും നഗരത്വഭാവം കൈവരിച്ചിട്ടുള്ളതുമായ ഉള്ളൂർ, ആറ്റിപ്ര, നേമം, കടകംപള്ളി, തിരുവല്ലം എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളെ നഗരസഭയിൽ ലയിപ്പിച്ചുകൊണ്ട് 1.10.2000 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി)&(ഡി) കൊച്ചി, കോഴിക്കോട് നഗരസഭകളിലേയ്ക്ക് പഞ്ചായത്തുകളെ കൂട്ടിച്ചേർക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. കൊച്ചിനഗരസഭയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനെതിരെ കോർപ്പറേഷൻ ലയനവിരുദ്ധസമിതിയുടേയും ചോറ്റാനിക്കര ആക്ഷൻ കൗൺസിലിന്റെയും നിവേദനങ്ങൾ ലഭിച്ചിരുന്നു.

149 (706) മതിൽ കെട്ടുന്നതിന് അനുവാദം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വക്കം വില്ലേജിൽ വക്കം ദേശത്ത് തോപ്പിൽ വിളാകത്ത് വീട്ടിൽ ശ്രീമതി. പി. രാധമ്മ. വക്കം പഞ്ചായത്തിൽ 7-ാം വാർഡിൽ തന്റെ വക കുമരച്ചൻവിളാകം പുരയിടത്തിൽ മതിൽ കെട്ടുന്നതിനുള്ള അനുവാദത്തിനായി പഞ്ചായത്തിന് നൽകിയ അപേക്ഷ നടപടി എടുക്കാതെ വച്ചുതാമസിപ്പിച്ച ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പരാതിയിൻമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടിഡയക്ടർ മുഖേന നടത്തിയ അന്വേഷണ റിപ്പോർട്ട് കിട്ടിയാലുടൻ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

150 (707) കെട്ടിടത്തിന് നമ്പരിട്ട് കിട്ടണമെന്ന അപേക്ഷ

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലശ്ശേരി പഞ്ചായത്തിലെ താമസക്കാരനായ ശ്രീ. ടി. ഗോപിനാഥൻ, തുവാനവീട്, പെരുവല്ലൂർ പി.ഒ., തൃശ്ശൂർ. തന്റെ കെട്ടിടത്തിൽ നമ്പരിട്ട് തരണമെന്ന അപേക്ഷ സെക്രട്ടറി നിരാകരിച്ചതിന്റെ പേരിൽ പരാതി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly